**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** **30-06-2022 - ൽ മറുപടിയ്ക്ക്**

**മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിൽ മീനച്ചിലാർ, മണിമലയാർ, പമ്പ, പുല്ലകയാർ, അഴുതയാർ, എരുമേലി വലിയതോട് എന്നീ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021-ൽ ഉണ്ടായ പ്രളയത്തിൽ മീനച്ചിൽ, പമ്പ, മണിമല നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും ജലസേചന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകര ണത്തോടെ അടിയന്തരമായി നീക്കം ചെയ്തു വരുന്നു. ജലവിഭവ വകുപ്പ് കണ്ടെത്തിയ അടിയന്തര പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് ഫണ്ടു ഉപയോഗിച്ചും സന്നദ്ധ സംഘടനകൾ വഴിയും ജലസേചന വകുപ്പിനനുവദിച്ച അടിയന്തിര ഫണ്ട് ഉപയോഗിച്ചും പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൈത്തോടുകളായ പാതാമ്പുഴ, എളമ്പാശ്ശേരി തോടുകളുടെ വിവിധ ഭാഗങ്ങളിലും കുന്നോന്നി തോടിന്റെ വിവിധ ഭാഗങ്ങളിലും പേക്കാക്കുഴി തോട്ടിലും തടസ്സമായി കിടന്ന മണ്ണും കല്ലുകളും മറ്റും നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ പെരിങ്ങളം ടൗൺ, പൂഞ്ഞാർ സെൻറ്മേരീസ് പള്ളി ഭാഗത്തെ ചെക്ക്ഡാം എന്നീ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും, മൺതിട്ട കളും മറ്റ് മാലിന്യങ്ങളും "പുഴ പുനർജനി"യുടെ ഭാഗമായി ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നീക്കം ചെയ്യാവുന്നതാണ്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽപ്പെട്ട മണിമലയാറിലെ മുണ്ടക്കയം ചെക്ക് ഡാം, മുണ്ടക്കയം ക്രോസ് വേ ഭാഗം, മുണ്ടക്കയം ബൈപ്പാസിനു താഴ്ഭാഗം, പൈങ്ങനതോട് എന്നിവിടങ്ങളിലെയും മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മണിമലയാറിലെ വെള്ളനാട് ഭാഗത്തെ മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുന്നു. നദിയിൽ നിന്ന് നീക്കം ചെയ്യുന്ന ധാതുക്കൾ (മണ്ണും, ചരലും കലർന്ന മിശ്രിതം) തദ്ദേശസ്ഥാപനങ്ങൾ നിർദ്ദേശിച്ച വിവിധയിട ങ്ങളിൽ നിക്ഷേപിച്ചു വരുന്നു. ആയത് ലേലം |

| | | | |
|---|---|---|---|
| | | | ചെയ്യുവാനുള്ള നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും ഒറ്റതവണയായി യന്ത്ര സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ